# കൊറോണ വൈറസിൽ നിന്ന് സുരക്ഷിതമായി എങ്ങിനെ ഡെലിവറികൾ നടത്താം

Indian Scientists' Response to COVID-19

**ഭാരതീയ ശാസ്ത്രജ്ഞരുടെ കോവിഡ്-19 പ്രതിരോധം**

https://indscicov.in/

IndiSciCovid



**മുഖവുര**

**കോവിഡ് - 19 നിയന്ത്രിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള ഈ ലോക്കഡൗൺ കാലഘട്ടത്തിൽ വീട്ടുപടിക്കൽ അത്യാവശ്യ സാധനങ്ങൾ എത്തിക്കേണ്ടത് അനിവാര്യമാണ്. അതിനാൽ ഈ പ്രവർത്തിയിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും മുൻഗണന നൽകേണ്ടതുണ്ട്. നിങ്ങൾ മരുന്നുകൾ, പാൽ, ഭക്ഷ്യപദാർത്ഥങ്ങൾ, പലചരക്ക്, പത്രം, ഗ്യാസ് സിലിണ്ടർ തുടങ്ങിയ ആവശ്യസാധനകൾ എത്തിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരാണെങ്കിൽ, അനേകം പേരുമായി സമ്പർക്കത്തിൽ വരുവാനും, മറ്റു പലരും സ്പർശിച്ച സ്ഥലങ്ങളിൽ തൊടുവാനും സാധ്യതയുണ്ട്. നിങ്ങളുടെ ജോലിയുടെ ഭാഗമായി പണം കൈമാറേണ്ടി വരും. സഹപ്രവർത്തകരുടെ കൂടെ ഒരേ വാഹനത്തിൽ സഞ്ചരിക്കേണ്ടതായും തന്മൂലം നിർദിഷ്ട അകൽച്ച പാലിക്കാൻ കഴിയാതെ വരികയും ചെയ്യാം. നിങ്ങളുടെയും നിങ്ങളുടെ കുടുംബത്തിന്റെയും ഉപഭോക്താക്കളുടെയും സുരക്ഷയ്ക്കായി കൈകൊള്ളാവുന്ന ലളിതമായ ചില മുൻകരുതലുകൾ ചേർക്കുന്നു.**



**പൊതു നിർദ്ദേശങ്ങൾ:**

**പലവുരു കൈ കഴുകാനും, മുഖവും മറ്റും തൊടാതിരിക്കാനുമുള്ള നിർദ്ദേശങ്ങൾ കോവിഡ് - 19 മഹാമാരിയുടെ സമയത്തു എല്ലാവർക്കും ബാധകമാണ്. പക്ഷെ സാധനങ്ങൾ എത്തിക്കുമ്പോൾ എപ്പോഴും കൈ കഴുകാൻ സാധിച്ചെന്നു വരില്ല. അതിനാൽ കഴിവതും ചുരുങ്ങിയ തലങ്ങളിൽ മാത്രം തൊട്ട്, ജോലി ചെയ്യുവാൻ ശ്രമിക്കുക. പറ്റുമെങ്കിൽ കുറച്ചു വെള്ളവും സോപ്പും കൈവശം വയ്ക്കുക. ഒരു ചെറിയ കുപ്പി വെള്ളത്തിൽ ഒരു കഷ്ണം സോപ്പ് അലിയിച്ചു കിട്ടുന്ന സോപ്പുവെള്ളം കൂടെ കൊണ്ടുപോകാൻ എളുപ്പമായിരിക്കും. ജോലിക്കിടയിൽ ഒന്നുരണ്ടു പ്രാവശ്യമെങ്കിലും - പറ്റുമെങ്കിൽ ഒരോരു ഡെലിവറിക്കു ശേഷവും - റോഡ് അരികിലെവിടെയെങ്കിലും വെച് ഈ സോപ്പുവെള്ളമുപയോഗിച് നല്ലവണ്ണം പതയുമാറ് കൈകൾ കഴുകുക. പുറത്തിറങ്ങുമ്പോൾ എപ്പോഴും മാസ്ക് ഉപയോഗിക്കുക . മാസ്കുകൾ ലഭ്യമല്ലെങ്കിൽ ഗൃഹനിർമ്മിതമായ തുണി കൊണ്ടുള്ള മാസ്കയാലും മതി. ഇതാണെങ്കിൽ കഴുകി പലപ്രാവശ്യം ഉപയോഗിക്കുകയും ചെയ്യാം.**






**നിങ്ങൾക്ക് രോഗബാധയുണ്ടെങ്കിൽ :**

**നിങ്ങൾക്കോ സഹപ്രവർത്തകർക്കോ പനി, ചുമ തുടങ്ങിയ കോവിഡ് -19 രോഗലക്ഷണങ്ങൾ കണ്ടാൽ ജോലിക്കു പോകാതിരിക്കുക. മാതൃകാപരമായി, തൊഴിലുടമ ഈ ജീവനക്കാർക്ക് ശമ്പളത്തോടെ അവധി നൽകേണ്ടതാണ്. ഇത് ജീവനക്കാരുടെ ആരോഗ്യം വീണ്ടെടുക്കാനും രോഗത്തിന്റെ പകർച്ച തടയുവാനും സഹായിക്കും.**

**വ്യക്തിപരവും ഗൃഹസംബന്ധവുമായ ശുചിത്വം പാലിക്കാൻ:**





**ജോലിക്കു പോകുന്നതിനു മുൻപും ജോലി കഴിഞ്ഞു വന്നശേഷവും കുളിക്കാൻ ശ്രദ്ധിക്കുക . ഇതിനാൽ നിങ്ങളുടെ ശരീരത്തിൽ പറ്റിപിടിച്ചിരിക്കാവുന്ന വൈറസ് നിങ്ങളുടെ കുടുംബങ്ങൾക്ക് കൈമാറാനുള്ള സാധ്യത കുറയ്ക്കാം. വീട്ടിൽ പ്രവേശിക്കുന്നതിന് മുൻപ്, ചെരുപ്പുകൾ പടിക്കൽ അഴിച്ചുവയ്ക്കുക. മാസ്കിന്റെ ചരട് പിടിച്ചഴിച്, സുരക്ഷിതമായി നിർമ്മാർജനം ചെയ്യുക. കുളിക്കുന്നതിനു മുൻപ് വീട്ടിലെവിടെയും സ്പർശിക്കാതിരിക്കുക. നിങ്ങൾ ധരിച്ചിരുന്ന വസ്ത്രങ്ങളും , വീണ്ടും ഉപയോഗിക്കാവുന്ന മസ്കാണെങ്കിൽ അതും അതിനായി നിയുക്തമായ ബക്കറ്റിൽ നിക്ഷേപിക്കുക. പറ്റുമെങ്കിൽ ഉടനെ വസ്ത്രങ്ങൾ ഡിറ്റർജന്റ് ഉപയോഗിച്ച് അലക്കിയശേഷം സോപ്പ് ഉപയോഗിച്ച് കുളിക്കുക.**

**ജോലി സമയത്തു ആഹാരം കഴിക്കുകയാണെങ്കിൽ:**

**കഴിക്കുന്നതിനു മുൻപ് സോപ്പും വെള്ളവും ഉപയോഗിച് കൈകൾ കഴുകുക, അല്ലെങ്കിൽ ഹാൻഡ് സാനിറ്റൈസർ ലഭ്യമാണെങ്കിൽ അതുപയോഗിച്ചു കൈകൾ വൃത്തിയാക്കുക. വീട്ടിൽ നിന്നും കഴുകി വൃത്തിയാക്കി, കൈകൊണ്ടു തൊടാതെ സൂക്ഷിച്ച സ്പൂൺ കൊണ്ടും ആഹാരം കഴിക്കാം.**



**ഡെലിവറി വാഹനം:**

**കോവിഡ് - 19 ന് കാരണമായ വൈറസ് ലോഹതലങ്ങളിൽ മൂന്ന് ദിവസം വരെ അവശേഷിക്കും. അതുകൊണ്ട്, ഒരോരു ദിവസത്തെ ജോലി കഴിഞ്ഞാലും നിങ്ങളുടെ വാഹനം സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കുന്നത് നന്നായിരിക്കും. വീട്ടിലെത്തിയ ശേഷം, കുളിക്കുന്നതിനു മുന്നേ വണ്ടി കഴുകുക. ഇടയ്ക്കിടെ സ്പർശിക്കാൻ സാധ്യതയുള്ള ഹാൻഡിൽബാർ, കതകുകളിലെ കൈപ്പിടികൾ, സ്റ്റിയറിംഗ് വീൽ, ഡാഷ്ബോർഡ് പോലെയുള്ള സ്ഥലങ്ങൾ സോപ്പുവെള്ളം ഉപയോഗിച്ച് വൃത്തിയാക്കുക.**






**സാധനങ്ങൾ ഡെലിവറി ചെയുമ്പോൾ:**

**സാധനങ്ങൾ ഡെലിവറി ചെയ്യുമ്പോൾ, ഉപഭോക്താക്കളിൽ നിന്നും 1 - 2 മീറ്റർ അകലം പാലിക്കുക. വീടിന്റെയോ കടയുടെയോ പടിക്കൽ സാധനങ്ങൾ നിക്ഷേപിക്കുകയാകും നിങ്ങൾക്കും അവർക്കും സുരക്ഷിതം എന്ന് ഉപഭോക്താക്കളോട് സൂചിപ്പിക്കുക. ഗ്യാസ് സിലിണ്ടർ, വെള്ളത്തിന്റെ ക്യാൻ തുടങ്ങിയ സാധനങ്ങൾ നിക്ഷേപിക്കാൻ വീട്ടിനകത്തു ചെല്ലുകയാണെങ്കിൽ കതകുകൾ, അടുക്കളത്തളം മുതലായ തലങ്ങളിൽ സ്പർശിക്കാതിരിക്കാൻ ശ്രദ്ധിക്കുക. കാലി ക്യാനും സിലിണ്ടറും മറ്റും സൂക്ഷിച്ചു കൈകാര്യം ചെയ്യുക. ഇവ വണ്ടിയിൽ കയറ്റിയ ശേഷം കൈകൾ കഴുകുക. ഒരു ചെറിയ സഞ്ചിയോ കൊട്ടയോ കൈവശം വയ്ക്കുകയാണെങ്കിൽ ഉപഭോക്താക്കളിൽനിന്നും സ്പർശിക്കാതെ പണം കൈപ്പറ്റാം. ഉപഭോക്താക്കളെ ഇലക്ട്രോണിക് മാധ്യമങ്ങളിലുടെ ഉള്ള പണമിടപാടുകൾ നടത്താൻ പ്രോത്സാഹിപ്പിക്കുക.**

**ദൈനംദിന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി വിവരങ്ങളെ സന്ദർഭോചിതമായും ലളിതമായും ചിത്രീകരിച്ചിരിക്കുന്നു. ശാസ്ത്രീയ കൃത്യത ഉറപ്പു വരുത്താൻ വെബ്സൈറ്റിലെ അനുബന്ധ രേഖകൾ നോക്കുക.**